## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 569 — 7/7/2014 ൽ മറുപടിയ്ക്ക്

# വയൽപ്രദേശങ്ങൾ തരിശിട്ട് നികത്തുന്ന പ്രവണത തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. കെ.പി. മോഹനൻ |
| ,, വി. എം. ഉമ്മർ മാസ്റ്റർ | (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും |
| , , പി. ഉബൈദുള്ള | സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

(എ) വർഷങ്ങളോളം തരിശിട്ട് കരഭൂമിയാണെന്ന് വരുത്തിത്തീർത്ത വയൽ പ്രദേശങ്ങൾ റിയൽ എസ്റ്റേറ്റ് മാഫിയ നികത്തുന്ന പ്രവണത വർദ്ധിച്ചുവരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ നെൽവയലുകൾ സംരക്ഷിക്കുന്നതിനായി 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിലുണ്ട്. ആക്ട് പ്രകാരം കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ചേർന്ന് സംസ്ഥാനത്തെ നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും ഡാറ്റാബാങ്ക് തയ്യാറാക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുകയും ചെയ്തിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിലം പരിവർത്തനപ്പെടുത്തുന്നതും തരിശിടുന്നതും നിരീക്ഷിക്കുന്നതിലേക്കായി പ്രാദേശികതല നിരീക്ഷണ സമിതികൾ സംസ്ഥാനത്ത് രൂപീകൃതമായിട്ടുണ്ട്. തരിശുനിലങ്ങൾ കൃഷിക്കുപയുക്തമാക്കുന്നതിന് ആക്ട് വ്യവസ്ഥ ചെയ്യുന്നുണ്ട്.

2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 13-ാം വകുപ്പ് പ്രകാരം അനധികൃതമായി നികത്തപ്പെട്ട നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുവാൻ ജില്ലാകളക്ടർമാർ നടപടി

സ്വീകരിക്കുന്നുണ്ട്. കൂടാതെ നിലം നികത്തലിൽ ഏർപ്പെടുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് വകുപ്പ് 20 പ്രകാരം നടപടികൾ സ്വീകരിച്ച് പിഴ ഈടാക്കി വരുന്നുമുണ്ട്. അനധികൃത പരിവർത്തനം ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ സ്റ്റോപ്പ് മെമ്മോ നൽകി പ്രവൃത്തി തടയുന്നുണ്ട്. അനധികൃത പരിവർത്തനം തടയുന്നതിനായി മിക്ക ജില്ലകളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

(സി) ഇത്തരത്തിൽ തരിശിട്ടിട്ടുള്ള വയൽഭൂമിയുടെ കണക്ക് കൃഷി വകുപ്പ് ശേഖരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(സി) ഇല്ല.

(ഡി) എങ്കിൽ ആ ഭൂമിയിൽ ഉടമകൾ കൃഷിയിറക്കാൻ വിസമ്മതിക്കുന്ന പക്ഷം നോട്ടീസ് നൽകി അത്തരം ഭൂമി ഏറ്റെടുത്ത് കർഷക സംഘങ്ങൾക്ക് പാട്ടത്തിനു നൽകുന്ന പദ്ധതി തയ്യാറാക്കി അടിയന്തിരമായി നടപ്പാക്കുമോ?

(ഡി) 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം തരിശ് നെൽവയൽ കൃഷി ചെയ്യാനുള്ള നിർദ്ദേശം പ്രാദേശികതല നിരീക്ഷണസമിതിക്ക് നിർദ്ദേശിക്കാവുന്നതാണ്. ഇതിൻപ്രകാരം നെൽവയലിന്റെ അനുഭവക്കാരനോട് അയാൾ നേരിട്ടോ, അയാളുടെ ഇഷ്ടാനുസരണം മറ്റേതെങ്കിലും ആൾ മുഖേനയോ, നെല്ലോ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റേതെങ്കിലും ഇടക്കാല വിളയോ കൃഷി ചെയ്യാൻ നിർദ്ദേശിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ലഭിച്ച നിർദ്ദേശം നടപ്പാക്കാൻ നെൽവയലിന്റെ അനുഭവക്കാരന് കഴിയാത്തത് പ്രായോഗിക ബുദ്ധിമുട്ടുകൾ കൊണ്ടാണെന്ന് സമിതിയ്ക്ക് ബോധ്യമാകുന്ന പക്ഷം സമിതിക്ക് അയാളോട് പ്രസ്തുത നെൽവയൽ പഞ്ചായത്ത് മുഖേന കൃഷി ചെയ്യിക്കുന്നതിനുള്ള അനുമതി രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്. അപ്രകാരം അനുമതി ലഭിക്കുന്ന പക്ഷം സമിതിക്ക് നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി, അപ്രകാരമുള്ള ഫാറത്തിൽ പഞ്ചായത്തും നെൽവയലിന്റെ അനുഭവക്കാരനുമായി ഒരു കരാർ ഒപ്പിട്ട ശേഷം പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനോ, കൃഷി ചെയ്യിപ്പിക്കുന്നതിനു വേണ്ടിയോ ഒരു നിശ്ചിത കാലയളവിലേക്ക് പഞ്ചായത്തിനെ ഏൽപ്പിക്കാവുന്നതാണ്. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുള്ള നെൽവയൽ നേരിട്ട് കൃഷി ചെയ്യുന്നില്ലെങ്കിൽ അതിന്

3-ാം ഉപവകുപ്പ് പ്രകാരം ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വിധം പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം പരമാവധി 2 വർഷ കാലയളവിലേക്ക് ലേലം ചെയ്തോ മറ്റ് വിധത്തിലോ ഏല്പിച്ചു കൊടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അതിനുള്ള ക്രമീകരണം ചെയ്യാവുന്നതുമാണ്. ഇപ്രകാരം ചെയ്യുമ്പോൾ താഴെപ്പറയും പ്രകാരം മുൻഗണനാക്രമം പാലിക്കേണ്ടതാണ്.

1) പാടശേഖര സമിതികൾ/സംഘങ്ങൾക്ക്
2) സ്വയംസഹായ സംഘങ്ങൾക്ക്
3) തദ്ദേശത്ത് പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക്

ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകൃതമായിട്ടുള്ള പ്രാദേശികതല നിരീക്ഷണ സമിതികൾക്ക് അധികാരമുണ്ട്.

തരിശുനിലങ്ങളിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വയലുകൾ തരിശിടുന്ന പ്രവണത ഒഴിവാക്കുന്നതിനുമായി കൃഷി വകുപ്പ് പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ